Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 988KCBC/K-6/KPR/DS 23.09.2026

ഇ.എസ്.എ. - ശാശ്വതപരിഹാരം വേണം: കെസിബിസി

കൊച്ചി: പരിസ്ഥിതിസംരക്ഷണം എക്കാലവും കത്തോലിക്കാസഭയുടെ അടിസ്ഥാനസാമൂഹിക പ്രബോധനങ്ങളുടെ ഭാഗമാണ്. എന്നാൽ ലോക പൈതൃക പ്രദേശ പദവിയുമായി ബന്ധപ്പെട്ട സ്ഥാപിത താൽപ്പര്യങ്ങളും ചില കമ്മീഷൻ റിപ്പോർട്ടിലെ പിഴവുകളും കർഷകരെയും കുടിയേറ്റ ജനതയെയും ആദിവാസി സമൂഹങ്ങളെയും പരിസ്ഥിതി വിരുദ്ധരാക്കിയുള്ള വ്യാഖ്യാനങ്ങളും സമീപനങ്ങളും തിരുത്തുകയും മനുഷ്യ കേന്ദ്രീകൃത പരിസ്ഥിതി സംരക്ഷണമെന്ന നയം ഭരണകൂടം സ്വീകരിക്കുകയും ചെയ്യണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ആവശ്യപ്പെടുന്നു.

2026 ജൂലൈ 27 ന് പുറത്തിറക്കിയ ഏഴാമത്തെ കരട് വിജ്ഞാപനത്തിലും ആദ്യ കരട് വിജ്ഞാപനത്തിലെ വസ്തുതകൾ ആവർത്തിക്കപ്പെട്ടത് മലയോര ജനതയെ ആശങ്കയിലകപ്പെടുത്തിയിരിക്കുന്നു. മലയോരകർഷകർക്കും ആദിവാസിസമൂഹങ്ങൾക്കും സ്വസ്ഥമായി ജീവിക്കാനുള്ള ഭരണഘടനാപരമായ അവകാശത്തെ തുരങ്കംവയ്ക്കുന്ന പിഴവുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തിരുത്തേണ്ടതാണ്.

വനംവകുപ്പ് നേരിട്ട് നിയന്ത്രിക്കുന്ന വനമേഖലയെയും സംരക്ഷിത മേഖലകളെയും മാത്രം ഉൾപ്പെടുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും കർഷക സംഘടനകളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുത്ത് ഇഎസ്എയുടെ പുതുക്കിയ മാപ്പും കൃത്യമായ വിസ്തീർണ്ണവും ഉൾപ്പെടെ തയ്യാറാക്കിയ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കണമെന്നും ഇ.എസ്.എ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണണമെന്നും കേരള സർക്കാരിനോട് കെസിബിസി പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അഭ്യർത്ഥിക്കുന്നു.

ഫാ. തോമസ് തറയിൽ
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
His Grace
Most Rev. Dr. Varghese Chakkalakal
Archbishop of Calicut
Archbishop's House,
Malaparamba, Kozhikode 673 009
Ph: +91 495 2370313, 2370271
Email: bishopchakkalakal@gmail.com

VICE-PRESIDENT
His Excellency,
Dr. Samuel Mar Irenios
Bishop of Pathanamthitta
Catholic Bishop's House,
St. Peter's Junction
Pathanamthitta — 689 645 Ph: +91 468 2223200
Email: bishopmarirenios@gmail.corn

SECRETARY GENERAL
His Grace
Mar Thomas Tharayil
Archbishop of Changanacherry
Archbishop's House,
Changanachery 686 101.
Ph: 91 481 2420379, 2420614
Email: bishoptharayil@gmail.com

DEPUTY SECRETARY GENERAL
Fr. Thomas Tharayil
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
E-mail: frthomastharayil@gmail.com